## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 93** — **25/04/2017 ൽ മറുപടി നൽ കേണ്ടിയിരുന്നത്**

### മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം

**ചോദ്യം**

**ശ്രീ. എ.എം. ആരിഫ്**

അരൂർ കുമ്പളം കായലിലേക്ക് വാഹനം മറിഞ്ഞ് അഞ്ചു നേപ്പാളികളും ഒരു മലയാളിയും മരിക്കാനിടയായ സംഭവത്തിൽ, മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകണമെന്നാവശ്യപ്പെട്ട് അരൂർ എം.എൽ.എ നൽകിയ അപേക്ഷയിന്മേൽ എന്തു തീരുമാനമാണ് എടുത്തിട്ടുള്ളത്; ആയതിനുള്ള ധനസഹായം എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ട്; അത് അവരുടെ ബന്ധുക്കൾക്ക് കൈമാറിയോ, എങ്കിൽ തുക എന്നാണ് നൽകിയതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

അരൂർ കുമ്പളം കായലിലേക്ക് വാഹനം മറിഞ്ഞ് നാല് നേപ്പാളികളും ഒരു മലയാളിയും മരിക്കാനിടയായ സംഭവത്തിൽ, മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ